**പതിനാലാം കേരളനിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3254** 10/12/2018 -ലെ മറുപടി

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ വിവരങ്ങൾ മാഞ്ഞുപോകുന്നുവെന്ന പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) നിലവാരമില്ലാത്ത അച്ചടി കാരണം 2018-ലെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ വിവരങ്ങൾ മാഞ്ഞു പോകുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രിന്റ് തെളിയാത്തതോ ഒപ്പോ സീലോ ഇല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ വകുപ്പ് ശേഖരിച്ച് അപാകതകൾ പരിഹരിക്കുവാൻ പ്രത്യേക സർക്കുലർ ഇറക്കിയിരുന്നോ; ഭൂരിഭാഗം വിദ്യാലയങ്ങളിലും ഇത്തരം ഒരു സർക്കുലർ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പ്രിന്റ് തെളിയാത്തതോ ഒപ്പോ സീലോ ഇല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ വകുപ്പ് ശേഖരിച്ച് അപാകതകൾ പരിഹരിക്കുവാൻ പ്രത്യേക സർക്കുലർ ഇറക്കിയിരുന്നു. 30.05.2018 ലും 20.07.2018 ലും 23.10.2018 ലും സർക്കുലറുകൾ ഇറക്കിയിട്ടുണ്ട്.<br>എസ്.എസ്.എൽ.സി പരീക്ഷാ ഫലം പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്യതിനോടൊപ്പമിറക്കിയിട്ടുള്ള ആദ്യത്തെ സർക്കുലറിൽ തന്നെ സർട്ടിഫിക്കറ്റുകളിൽ അപാകത വരികയാണെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കിയിട്ടുണ്ട്. എല്ലാ പ്രഥമാദ്ധ്യാപകരെയും വിവരം അറിയിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും, വിവരം അറിയിക്കുന്നതിനും നിർദ്ദേശം നൽകുന്നതിനുമായി ചീഫ് സൂപ്രണ്ടുമാരുടെ മീറ്റിംഗ് വിളിച്ച് പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ അറിയിക്കുകയും ചെയ്യിട്ടുണ്ട്.<br>സർട്ടിഫിക്കറ്റിലെ പ്രിന്റ് മാഞ്ഞ് ഉപയോഗശൂന്യമാകുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ പ്രിന്റ് |

തെളിയാത്തതോ ഒപ്പോ സീലോ ഇല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ പാടില്ല അങ്ങനെയുള്ളവ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ വഴി പരീക്ഷാഭവനിൽ എത്തിച്ച് പുതിയ പ്രിന്റ് സ്കൂളുകൾക്ക് വിതരണം ചെയ്യണമെന്നും വിതരണം ചെയ്ത സർട്ടിഫിക്കറ്റുകൾ സ്കൂളധികൃതർ ശേഖരിച്ച് അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം പരീക്ഷാ ഭവനിൽ എത്തിക്കുകയും പുതിയ പ്രിന്റുകൾ ശേഖരിച്ച് വിദ്യാർത്ഥി കൾക്ക് നൽകുന്നതിനും രണ്ടാമത്തെ സർക്കുലർ പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയി ട്ടുണ്ട്.

23.10.2018 ലെ സർക്കുലർ പ്രകാരം പ്രിന്റ് തെളിയാത്തതോ ഒപ്പോ സീലോ ഇല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ ഏതെങ്കിലും സ്കൂളുകളിൽ ഉണ്ടെങ്കിൽ ആയവ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം ശേഖരിച്ച് പ്രത്യേക ദൂതൻ വഴി പരീക്ഷാഭവനിൽ എത്തിച്ച് പുതിയ സർട്ടിഫിക്കറ്റ് വിദ്യാലയങ്ങളിൽ എത്തിച്ചു കൊടുക്ക ന്നതിനുള്ള നടപടികൾ അടിയന്തിര മായി സ്വീകരിക്കണമെന്നും ഇത്തര ത്തിൽ കേടുപാടുകൾ സംഭവിച്ച സർട്ടിഫിക്കറ്റുകൾക്ക് പകരം പുതിയ പ്രിന്റ് നൽകുന്നതിന് യാതൊരു വിധത്തിലുള്ള ഫീസും ഈടാക്കേ ണ്ടതില്ല എന്നും ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾക്കും ഫീസ് ഈടാ ക്കാൻ പാടില്ല എന്നുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർട്ടിഫിക്കറ്റ് അച്ചടിച്ച കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുവാനും വിവരങ്ങൾ മാഞ്ഞുപോയ സർട്ടിഫി ക്കറ്റുകൾക്ക് പകരം പുതിയത് നൽക

(സി) കേരള പരീക്ഷാഭവനാണ് എസ്. എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ അച്ചടിച്ച് നൽകിയത്. മൈക്രോ ലിംഗ്സ്, മുളവന, കുന്നുകുഴി പി.ഒ,

വാനും സത്വര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

തിരുവനന്തപുരം എന്ന സ്ഥാപനം വിതരണം ചെയ്ത ടോണറുകൾ ഗുണനിലവാരം കുറഞ്ഞവയായിരുന്നതാണ് വിവരങ്ങൾ മാഞ്ഞു പോകാൻ കാരണം എന്നു കണ്ടെത്തിയതിനാൽ, ടി സ്ഥാപനത്തിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു.

2018 -ൽ വിതരണം ചെയ്ത അപാകതയുള്ള എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ ഫീസ് ഈടാക്കാതെയും ഡ്യൂപ്ലിക്കേറ്റ് സീൽ പതിക്കാതെയും റീപ്രിന്റ് ചെയ്ത നൽകുന്നതിനും, 2018 -ലെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ഡിജി ലോക്കർ സംവിധാനത്തിലേക്ക് മാറ്റുന്നതിനും ആവശ്യമെങ്കിൽ ഡിജിറ്റൽ സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും 05.12.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം.5141/18/ പൊവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ